**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** — **23-07-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിന് ജലജീവൻ മിഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ജല ജീവൻ പദ്ധതിയുടെ നിർവഹണ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും, ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ അറിയാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ജല ജീവൻ മിഷൻ പദ്ധതി കേന്ദ്ര –സംസ്ഥാന സർക്കാരുകൾ 50:50 എന്ന ആനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ ജല ജീവൻ മിഷൻ പദ്ധതിക്കായി മുൻ  വർഷങ്ങളിൽ അനുവദിച്ച തുകയും അതുസംബന്ധിച്ച വിനിയോഗ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ജല ജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു. ഈ തുകയിൽ നിന്ന് 62.26 കോടി രൂപ ആ സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. മുൻവർഷത്തെ നീക്കിയിരുപ്പ് തുകയായ 39.02 കോടി ഉൾപ്പെടെ 304.28 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ശേഷിച്ച തുകയായ 38.58 കോടി രൂപ 2021-22 സാമ്പത്തിക വർഷാദ്യം തന്നെ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>തുക ലക്ഷത്തിൽ</u>**

| Year | opening Balance | Release from GoI | Interest | Total available fund | Expenditure | Unspent Balance |
|---|---|---|---|---|---|---|
| 2019-20 | 0.00 | 10128.97 | 0.00 | 10128.97 | 6226.26 | 3902.71 |
| 2020-21 | 3902.71 | 30318.21 | 65.84 | 34286.76 | 30428.94 | 3857.82 |